©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2019 സെപ്റ്റംബർ 04<br>04th September 2019<br>1195 ചിങ്ങം 19<br>19th Chingam 1195<br>1941 ഭാദ്രം 13<br>13th Bhadra 1941 | നമ്പർ<br>No. | 2096 |

ഫോറം നമ്പർ 7

വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം.

നമ്പർ: DCTSR/2405/2018/E5

തിയതി: 21-8-2019

കേരള സർക്കാർ 04/02/2015 തിയതിയിലെ സ.ഉ (സാധാരണ) നമ്പർ 649/2015/റവ വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ (എൽ.എ) ജനറൽ സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും

ചിറങ്ങര റെയിൽവെ മേൽപ്പാലം പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി ഡെപ്യൂട്ടി കളക്ടർ (എൽ.എ), കളക്ട്രേറ്റ്, തൃശ്ശൂരിനെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ചിറങ്ങ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാകളക്ടർക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും

ഇപ്പോൾ തന്മൂലം അതുമായി ബന്ധപ്പെട്ട എല്ലാപേർക്കും 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും,സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശആക്ട് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ, ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇത് സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ(എൽ.എ), ജനറൽ, തൃശൂർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ട് സംഗ്രഹം താഴെ ചേർക്കുന്നു. ആയത് തൃശൂർ ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

*ജില്ല*: തൃശൂർ

*താലൂക്ക്*: ചാലക്കുടി

*വില്ലേജ്*: കിഴക്കുമുറി

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

| ക്രമ നം | ബ്ലോക്ക് സർവെ നം | വിവരണം | വിസ്തീർണ്ണം(ഹെക്ടർ) | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരുന്നതിനുള്ള കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| 1 | 519/5 | പുരയിടം | 0.0068 | ചിറങ്ങര റെയിൽവെ മേൽപ്പാല നിർമ്മാണം | | 1. പള്ളിപ്പാട്ട് ജോസഫ് മകൻ ആന്റണി (സോണിയ മെഡിക്കൽസ്)<br>2. പടിയത്ത് വേലായുധൻ നായർ മകൻ പ്രശാന്ത്<br>3. കൊച്ചാറ സുബ്രഹ്മണ്യൻ മകൻ മനോജ്<br>4. മുക്രാപ്പള്ളി കൊച്ചു പൈലി മകൻ ഡേവിസ്<br>5. പടയാട്ടിൽ മാത്യു മകൻ ഏല്യാസ്<br>6. മുക്രാപ്പിള്ളി പീറ്റർ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഭാര്യ ഷിബി<br>7. അച്ചാണ്ടി തോമസ് മകൻ പോൾ<br>8. പുത്തൻവീട്ടിൽ ഉണ്ണികൃഷ്ണൻ ഭാര്യ പത്മാവതി<br>9. കുറ്റിക്കാടൻ വർഗ്ഗീസ് മകൻ ജസ്റ്റൺ |
| 2 | 697/1 | തരിശ് | 0.0355 | ചിറങ്ങര റെയിൽവെ മേൽപ്പാല നിർമ്മാണം | മുൻപ് താമസിച്ചിരുന്ന പഴയ കെട്ടിടം താമസ പുരയിടം പൂർണ്ണമായും നഷ്ടപ്പെടുന്നു. | 1. കുന്നത്ത് പറമ്പിൽ ഔസേഫ് ഭാര്യ താണ്ടു<br>2. കുന്നത്ത് പറമ്പിൽ ഔസേഫ് മകൻ വർഗ്ഗീസ് |
| 3 | 698/2 | പുരയിടം | 0.0492 | | | 1. ഉണ്ണികൃഷ്ണമേനോൻ, വെളുത്തേടൻ വീട്<br>2. വത്സല മേനോൻ, വെളുത്തേടൻ വീട്<br>3. സ്വകാര്യ വഴി (a) റെബിൻ തോമസ്, കൂരൻ ഹൗസ് |
| 4 | 699/1 | പുരയിടം | 0.0063 | | | 1. ലിൻസൺ. ടി. കെ S/o റ്റി.സി. കുര്യൻ, Oceanus Cresent, മറ്റൂർ, കാലടി<br>2. ചാലിശ്ശേരി ജോർജ്ജ് മകൻ ലൂയിസ്<br>3. സ്വകാര്യവഴി<br>(a) കൊച്ചപ്പള്ളി ദേവസി മകൻ കെ.സി. മാത്യു<br>(b) പുത്തൻപുരയ്ക്കൽ ജയിംസ് ഭാര്യ മിനി. പി. വി |
| 5 | 1165/2 | പുരയിടം | 0.0056 | ചിറങ്ങര | | 1. വിതയത്തിൽ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| | | | | റെയിൽവെ മേൽപ്പാല നിർമ്മാണം | | ജോൺസൺ ഭാര്യ ഷീല<br>2. മണ്ടി വറിയത് മകൻ ജോസ് ഭാര്യ മേരി മക്കൾ മുതൽ പേർക്കും, വറിയത് മകൻ ജോർജ്ജ് പേർക്കും<br>3. വെണ്ണൂക്കാരൻ വർഗ്ഗീസ് മകൻ സജി വർഗ്ഗീസ്<br>4. കൊരട്ടി സിയോൺ സെമിനാരി വക. |
| 6 | 400/1 | സ്വകാര്യ ഭൂമി | 0.0206 | | | 1. പടയാട്ടിൽ മാത്യു മകൻ ഏല്യാസ്<br>2. പടയാട്ടിൽ വറീത് മകൻ വർഗ്ഗീസ്<br>3. വിതയത്തിൽ ഔസേഫ് മകൻ ജോൺസൺ |
| | | മൊത്തം | 0.1240 | | | |

## സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ച് സർവീസ് സൊസൈറ്റി തയ്യാറാക്കി നൽകിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്, ഡോ. ചാക്കോ ജോസ്. പി. അസ്സോസിയേറ്റ് പ്രൊഫസർ സാമ്പത്തിക ശാസ്ത്രം (സേക്രട്ട് ഹാർട്ട് കോളേജ്, ചാലക്കുടി) ചെയർമാനായിട്ടുള്ള വിഗദ്ധ സമിതി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് എന്നിവ പരിഗണിച്ചതിൽ, ചിറങ്ങര ലെവൽ ക്രോസിങ്ങ് നമ്പർ 56 ന് പകരം മേൽപ്പാലം നിർമ്മിക്കുന്നത് മൂലം വാഹന യാത്രക്കാരുടേയും കാൽനട യാത്രക്കാരുടേയും യാത്ര സംരക്ഷിതമാകുകയും, വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവും, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും, ചിറങ്ങര ലെവൽ ക്രോസിങ്ങിലെ ഗതാഗതക്കുരുക്കിന് കാരണമാകുന്നത് മൂലമുള്ള സമയനഷ്ടം, പരിസ്ഥിതി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലിനീകരണം, ഇന്ധന നഷ്ടം തുടങ്ങിയ പ്രത്യാഘാതങ്ങൾ കുറയ്ക്കുമെന്നും വിദഗ്ദ്ധ സമിതി വിലയിരുത്തിയിട്ടുള്ളതാണ്. എന്നാൽ, ഏറ്റെടുക്കുന്ന ഭൂമിക്ക് 27 ഭൂവുടമകൾ ഉള്ളതിനാലും, അതിൽ മൂന്ന് കുടുംബങ്ങളുടെ വീടും, സ്ഥലവും, 20 കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നതിനാലും, ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നത് മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും പരിഗണിച്ച് RFCT LARR ACT 2013 ന്റെ വെളിച്ചത്തിൽ, കേരള സംസ്ഥാനത്തിൽ നിലനിൽക്കുന്ന പ്രസ്തുത നിയമങ്ങൾ അനുസരിച്ച് ന്യായമായ നഷ്ടപരിഹാരവും, പുനസ്ഥാപനവും നൽകി ചിറങ്ങര റെയിൽവെ മേൽപാലത്തിന് സ്ഥലം ഏറ്റെടുക്കാവുന്നതാണെന്ന് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ചാലക്കുടി താലൂക്ക്, കിഴക്കുമുറി വില്ലേജിൽ ഉൾപ്പെട്ട മേൽ പ്രസ്താവിച്ച ഭൂമി ഏറ്റെടുക്കുന്നതിന് RFCT LARR ACT 2013, വകുപ്പ് 8(1), (2) എന്നിവ പ്രകാരം അംഗീകാരം നൽകി 12./06/2019 ഇ5-2405/2018 നമ്പർ നടപടിക്രമം പ്രകാരം, ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതും, ഈ ഉത്തരവിന്റെ പകർപ്പ് വകുപ്പ് 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റേയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റേയും ആയതിന് അംഗീകാരം നൽകിയ ഉത്തരവിന്റേയും പകർപ്പുകൾ ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും, ആയതിന്റെ പകർപ്പുകൾ കളക്ടറേറ്റ്, സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ തൃശൂർ എന്നീ ഓഫീസുകളിൽ ലഭ്യമാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ
തൃശ്ശൂർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.09.04 02:44:45 +05:30